## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1233** — **03.12.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്**

### തോട്ടം മേഖലയിലെ ഭൂമി

**ചോദ്യം**
**ശ്രീ.കെ. സുരേഷ് കുറുപ്പ്**

**മറുപടി**
**ശ്രീ.അടൂർ പ്രകാശ്**
**(റവന്യൂവും കയറും വകുപ്പ് മന്ത്രി)**

| | ചോദ്യം | | നൽകിയ മറുപടി | അന്തിമ മറുപടി |
|---|---|---|---|---|
| (എ) | തോട്ടം മേഖലയിൽ എത്ര ഏക്കർ ഭൂമി നിലവിലുണ്ട്; | (എ) | വിവരം ശേഖരിച്ചുവരുന്നു. | 352955.09 ഏക്കർ. |
| (ബി) | തോട്ടം മേഖലയിലെ 5% ഭൂമി ഇതര ആവശ്യങ്ങൾക്ക് വിനിയോഗിക്കാൻ അനുമതി നല്കിയിട്ടുണ്ടോ; എന്തെല്ലാം ആവശ്യങ്ങൾക്കാണ് ഉപയോഗിക്കാവുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | തോട്ടഭൂമിയുടെ 5% വരെ ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുമതി നൽകി കേരള ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. പുഷ്പകൃഷി, വാനില, ഔഷധ സസ്യങ്ങൾ, മറ്റ് കാർഷിക വിഭവങ്ങൾ കൃഷിചെയ്യുന്നതിനും, ഹോട്ടലുകൾ, റിസോട്ടുകൾ മറ്റ് ടൂറിസം പദ്ധതികൾ, അവയോടനുബന്ധിച്ചുള്ള മറ്റ് ആവശ്യങ്ങൾക്കും ടി ഭൂമി ഉപയോഗിക്കാമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. | |
| (സി) | തോട്ടം മേഖലയിലെ ഭൂമിയിൽ തോട്ടം ആവശ്യങ്ങൾക്കായി ഉപയോഗിക്കാത്തതായ ഭൂമി മൊത്തം എത്ര ഏക്കർ ഉണ്ട്; | (സി) | നൽകിയ മറുപടി: വിവരം ശേഖരിച്ചുവരുന്നു. | അന്തിമ മറുപടി: ഇത് സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തിയിട്ടില്ല. |
| (ഡി) | തോട്ടം ഇല്ലാത്ത പ്രസ്തുത ഭൂമികൾ കണ്ടെത്തി ഭൂരഹിതർക്ക് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഇളവനുവദിച്ച തോട്ടഭൂമി, തോട്ടമായി നിലനിർത്താത്ത അവസരങ്ങളിൽ കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 87 പ്രകാരം താലൂക്ക് ലാന്റ് ബോർഡുകൾക്ക് നടപടി സ്വീകരിക്കാവുന്നതും ടി ഭൂമി കൂടി ഉൾപ്പെടുത്തി ഡിക്ലറന്റിനെതിരെ സീലിംഗ് നടപടികൾ ആരംഭിക്കാവുന്നതുമാണ്. അപ്രകാരം താലൂക്ക് ലാന്റ് ബോർഡുകൾ പരിശോധിച്ച് മിച്ചഭൂമിയായി പ്രഖ്യാപിച്ചാൽ ടി ഭൂമി കേരള ഭൂപരിഷ്കരണ നിയമ പ്രകാരം ഭൂരഹിത കർഷക തൊഴിലാളികൾക്ക് വിതരണം ചെയ്യാവുന്നതുമാണ്. | |

**സെക്ഷൻ ഓഫീസർ**